കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)

5 (*215) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. കെ. കെ.നാരായണൻ :

ശ്രീ. എളമരം കരീം :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ ഘടനയും പ്രവർത്തനവും അറിയിക്കാമോ;

(ബി) പി.പി.പി. മാതൃകയിൽ രൂപീകരിക്കുന്ന പ്രോജക്ടുകൾക്ക് എത്ര തുക ചെലവഴിച്ചെന്നും അതുകൊണ്ട് കൈവരിക്കാൻ സാധിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; എത്ര പേരുടെ വൈദഗ്ധ്യം ഉയർത്തി തൊഴിൽ നേടിക്കൊടുക്കാൻ കഴിഞ്ഞുവെന്നും ഏതൊക്കെ മേഖലയിലാണെന്നും അറിയിക്കാമോ;

(സി) പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് നൽകാൻ കഴിഞ്ഞ സംഭാവനകൾ എന്തൊക്കെയാണ്;

(ഡി) സ്വകാര്യ സ്ഥാപനങ്ങൾക്കു പകരം തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളെ പരിശീലനത്തിനായി ബന്ധപ്പെടുത്താൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്; കേന്ദ്ര സർക്കാർ ആവിഷ്കരിച്ച വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർ എന്നതിൽ നിന്ന് കേയ്സിന് എന്തു മികവാണുള്ളത്;

(ഇ) സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഐ.ടി.ഐ.കൾ പോളിടെക്നിക്കുകൾ, എഞ്ചിനിയറിംഗ് കോളേജുകൾ എന്നിവയുടെ നിലവാരമില്ലായ്മ ഇത്തരം സ്ഥാപനത്തിന്റെ ആവശ്യകതയ്ക്ക് കാരണമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഉണ്ട്. വിവിധ മേഖലയിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിലേക്കായി 28-3-2012-ൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു സെക്ഷൻ 8 കമ്പനി സ്ഥാപിച്ചു. ആഗോളവത്ക്കരണത്തെ തുടർന്ന് ആധുനിക ലോകത്തെ വിവിധ മേഖലകളിലെ തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് KASE-ന്റെ പ്രധാന ലക്ഷ്യം

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR)-ൽ 3.03 കോടി രൂപ ചെലവഴിച്ചു. ആദ്യവർഷം 635 പേർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.

2. NICE (Nursing Institute for Career Enhancement)-നായി 42 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ പരിശീലനം പൂർത്തിയാക്കിയ ആദ്യ ബാച്ചിലെ 116 വിദ്യാർത്ഥികൾക്കും വിദേശത്ത് ജോലി ലഭ്യമാക്കുകയും ചെയ്തു.

3. സെക്യൂരിറ്റി (നാഷണൽ)-നായി 10 ലക്ഷം രൂപചെലവഴിച്ചു. 20 പേർക്ക് പരിശീലനം നൽകിവരുന്നു.

4. കൊല്ലം ചവറയിലും കോഴിക്കോട് മാനാഞ്ചിറയിലെ പബ്ലിക് ലൈബ്രറിയിലും രണ്ട് കൗശൽ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പാലക്കാട്ട് കൗശൽകേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. കൗശൽ കേന്ദ്രങ്ങളിലൂടെ നാളിതുവരെ 1572 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് CDM Assessment - ഉം Digital Library-യും ഉപയോഗിക്കാൻ സാധിച്ചു. കൂടാതെ, Language Lab - ലൂടെ 325 പേർക്ക് പരിശീലനം ലഭിച്ചുവരുന്നു. ഇതിനായി നാളിതുവരെ 3.29 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

5. Indian Institute of Infrastructure and Construction (IIIC) നിർമ്മാണ പ്രവർത്തനങ്ങൾക്കായി 23.5 കോടി രൂപ ചെലവഴിച്ചു. പ്രസ്തുത സ്ഥാപനം 2016 മാർച്ച് മാസത്തിൽ പ്രവർത്തനമാരംഭിക്കും.

6. KASE-ന്റെ യൂണിറ്റായി പ്രവർത്തിക്കുന്ന Kerala Institute of Design (KSID) അഹമ്മദാബാദിലെ National Institute of Design-ന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ ക്കായി 5.5 കോടിയോളം രൂപ ചെലവായിട്ടുണ്ട്.

(സി) ഉചിതമായ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള സർക്കാരിന്റെ State Skill Development Mission (SSDM) ആയാണ് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പ്രവർത്തിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ Ministry of Skill Development & Entrepreneurship-ന്റെ സ്കിൽ വികസന പ്രവർത്തനങ്ങൾ ആണ് KASE മാതൃകയാക്കിയിട്ടുള്ളത്. പരിശീലനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ്വകാര്യ സ്ഥാപനങ്ങളാണ് തൊഴിലവസരങ്ങൾ കൂടുതലും നൽകുന്നത്. അതിനാലാണ് സ്വകാര്യ സ്ഥാപനങ്ങളുമായി പി.പി.പി. മാതൃകയിൽ KASE പ്രവർത്തിക്കുന്നത്.

(ഇ) തൊഴിൽദാതാവിന്റെ ആവശ്യകത അനുസരിച്ചും അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കിൽ ആവശ്യകതയ്ക്ക് അനുസൃതവുമായാണ് KASE-ന്റെ പരിശീലന പരിപാടികൾ വിഭാവന ചെയ്തിട്ടുള്ളത്. എന്നാൽ മാത്രമേ പരിശീലനം കഴിഞ്ഞിറങ്ങുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാവുകയുള്ളൂ. നിലവിലുള്ള ഐ.ടി.ഐ.കൾ, പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ വ്യവസായ ശാലകളുടെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള തൊഴിൽ നൈപുണ്യം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രസക്തി വർദ്ധിപ്പിയ്ക്കുന്നതാണ്.

വിദഗ്ധ ചികിത്സാ സൗകര്യം

6 (*216) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. സാജു പോൾ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന അർബുദ രോഗബാധിതരുടെ എണ്ണത്തിനനുസരിച്ച് വിദഗ്ധ ചികിത്സാ സൗകര്യം ഒരുക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരം ആർ.സി.സി.-ക്ക് വകയിരുത്തിയ ഫണ്ട് യഥാസമയം വിനിയോഗിച്ചിട്ടുണ്ടോ; തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളെ ക്യാൻസർ ടെറിഷ്യറി കെയർ സ്ഥാപനങ്ങളാക്കി മാറ്റുമെന്ന പ്രഖ്യാപനവും, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലാ ആശുപത്രികളിൽ ക്യാൻസർ കെയർ സെന്ററുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ;

GPM. 2/236/2020-6

LIBRARY ARCHIVES Kerala Legislative Assembly